Mr. President : Not necessary.

Mr. C. V. Iyyu *(Kunnamkulam)*: May I know, Sir, whether the compromise which is supposed to have been made-please see reply to (f) in the presence of the Deputy Inspector with the manager was a genuine compromise or a compromise effected by compelling the poor teacher by the Deputy Inspector and the Manager?

Mr. C. A. Ouseph *(Minister for Education and Public Health)*: It should be taken as proper; otherwise it would not have been entered into.

Mr. C. V. Iyyu *(Kunnamkulam)*: Will Government be pleased to enquire whether the Deputy Inspector has exerted any pressure on this poor teacher, to accept the terms of some sort of compromise with the Manager?

Mr. C. A. Ouseph *(Minister for Education and Public Health)*: There is no information regarding that, but it can be enquired into.

Mr. C. V. Iyyu *(Kunnamkulam)*: Will Government be pleased to surely enquire into it?

Mr. C. A. Ouseph *(Minister for Education and Public Health)*: Yes, that is what I said.

LABOUR EMPLOYED IN PREVENTING SEA EROSIONS—PARTICULARS REGARDING

196. (186) മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ —

(എ) കുമ്പളങ്ങി—ചെല്ലാനം കടലാക്രമണനിവാരണ പണികളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് എന്തെങ്കിലും തൊഴിലാളി സംഘടനയുള്ളതായി അറിയാമൊ;

(ബി) യൂണിയൻ സ്ഥാപിക്കുവാൻ ശ്രമിക്കുന്ന തൊഴിലാളികൾക്ക് പലതരം പ്രതിബന്ധങ്ങളും ഉപദ്രവങ്ങളും മുതലാളിമാരിൽനിന്നുണ്ടാകുന്നുവെന്നതിനെപ്പറ്റി ഗവണ്മെണ്ടിനു വല്ല അറിവും കിട്ടീട്ടുണ്ടൊ?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) കച്ചേരിയിലെ തൊഴിലാളികൾക്കു കരിങ്കൽ തൊഴിലാളി യൂണിയൻ എന്ന സംഘടനയുള്ളതായി അറിയാം.

(ബി) ഇല്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: കച്ചേരിയിലെ തൊഴിലാളികൾ മാത്രമാണോ ഈ തൊഴിലിൽ ചെയ്തിട്ടുള്ളതു?

മിസ്റ്റർ കെ. അയ്യപ്പൻ: അറിഞ്ഞുകൂടാ. യൂണിയൻ ഉണ്ടൊ ഇല്ലയൊ എന്നാണു ചോദ്യം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഈ യൂണിയനിൽ കച്ചേരിയിലെ തൊഴിലാളികൾ മാത്രമാണോ ഉൾപ്പെടുന്നതു?

മിസ്റ്റർ കെ. അയ്യപ്പൻ: കച്ചേരിലെ കരിങ്കൽ തൊഴിലാളികൾക്കു ഒരു യൂണിയനുണ്ടെന്നറിയാം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: മറ്റുള്ളവർക്കു യൂണിയനില്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇല്ലെന്നാണു അറിയുന്നതു.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: അവർക്കു യൂണിയനുണ്ടാക്കാൻ വിഷമമുള്ളതായി അറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഇല്ലെന്നു മറുപടി പറഞ്ഞിട്ടുണ്ടു.

മിസ്റ്റർ കെ. അയ്യപ്പൻ: കച്ചേരിയിലെ തൊഴിലാളികൾക്കു സംഘടനയുണ്ടു. മറ്റു തൊഴിലാളികളുടെ കാര്യം അറിഞ്ഞുകൂടെന്നു മാത്രമെ പറഞ്ഞിട്ടുള്ളു.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: സംഘടനയുണ്ടാക്കാൻ മറ്റുള്ളവരിൽനിന്നു തടസ്സമുണ്ടാകുന്നു എന്നകാര്യം അറിയാമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനെക്കുറിച്ചുനോക്കാം.

SITARAM MILL CASE—INFORMATION REGARDING

197. (294) **Mr. A. K. Gorge** *(Kattur)*: Will Government be pleased to state whether the enquiry about the Sitaram Mill case is still going on?

Mr. E. Ikkanda Warriar *(Prime Minister)*:
The investigation was over before 20th September 1948.

LIBRARY ARCHIVES Kerala Legislative Assembly